LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര പ്രവാസി മന്ത്രാലയം

91 (1465) ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റിന്റെ പ്രവാസി മന്ത്രാലയം വേണ്ടെന്ന് കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത തീരുമാനം സംസ്ഥാനത്തെ പ്രവാസികളെ ഏതെല്ലാം തരത്തിലാണ് ദോഷകരമായി ബാധിക്കുന്നത്;

(സി) ഇതുസംബന്ധിച്ചുള്ള സംസ്ഥാനത്തിന്റെ പ്രതിഷേധം കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ;

(ഡി) എന്തെല്ലാം തുടർ നടപടികളാണ് ഇക്കാര്യത്തിൽ സംസ്ഥാനം കൈക്കൊള്ളാൻ അഗ്രഹിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രവാസി ഇന്ത്യക്കാരുടെ വിവിധ വിഷയങ്ങളിലും പ്രശ്നങ്ങളിലും ഫലപ്രദമായി ഇടപെടുന്നതിനും വിവിധ മന്ത്രാലയങ്ങളുടെ ഏകോപനത്തിലൂടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുമായാണ് കേന്ദ്ര സർക്കാർ 2004-ൽ കേന്ദ്ര പ്രവാസികാര്യ മന്ത്രാലയം രൂപീകരിച്ചത്. ഈ വകുപ്പ് കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിൽ ലയിപ്പിക്കുന്നതിനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. ഈ നടപടി പ്രവാസികളുടെ വിവിധ വിഷയങ്ങളിൽ വിവിധ മന്ത്രാലയങ്ങളുടെ ഏകോപനത്തിന് തടസ്സമാകുകയും പ്രശ്നപരിഹാരം സങ്കീർണ്ണമാകുകയും ചെയ്യുമെന്നാണ് കരുതപ്പെടുന്നത്.

(സി&ഡി) ഉണ്ട്. കേന്ദ്ര പ്രവാസികാര്യ മന്ത്രാലയം നിർത്തലാക്കുന്ന എന്ന കാര്യം ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ ഇക്കാര്യത്തിലുള്ള ആശങ്ക അറിയിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് കത്തയയ്ക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ബഹുമാനപ്പെട്ട പ്രവാസികാര്യ മന്ത്രിയുടെയും നേതൃത്വത്തിൽ ബഹുമാനപ്പെട്ട കേന്ദ്ര വിദേശകാര്യ മന്ത്രിയെ നേരിൽ കണ്ട് ആശങ്കയും പ്രതിഷേധവും അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഈ തീരുമാനം റദ്ദാക്കണമെന്നതാണ് സംസ്ഥാന സർക്കാർ ഉന്നയിച്ചിട്ടുള്ള ആവശ്യം.